**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **28-06-2024 - ൽ മറുപടിയ്ക്ക്**

**സാന്ത്വന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സാന്ത്വന പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (എ) | തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി കേരള സർക്കാർ നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയിട്ടുള്ള ഒറ്റത്തവണ ധനസഹായ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വരെയും, തിരികെയെത്തിയ പ്രവാസികളിൽ രോഗബാധിതരായവർക്ക് ചികിൽസാ ധനസഹായമായി 50,000/- രൂപ വരെയും, സാമ്പത്തികമായി പിന്നോക്കമായിട്ടുള്ളവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000/- രൂപ വരെയും അനുവദിച്ചുവരുന്നു. കൂടാതെ പ്രവാസികളായ കേരളീയർക്കും, അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമകാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെയും ധനസഹായം നൽകുന്നു.<br><br>സാന്ത്വന പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നതിന് കുറഞ്ഞത് 2 വർഷം പ്രവാസിയായിരിക്കേണ്ടതാണ്. തിരികെയെത്തിയ പ്രവാസി വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തു വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. കൂടാതെ കുടുംബ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ